**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3439** **15-02-2024 - ൽ മറുപടിയ്ക്ക്**

**എം.പി.ഫണ്ട് ചെലവഴിച്ച സ്കൂളുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. വി. അൻവർ | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) |

(എ) വയനാട് ലോക് സഭാ എം.പി., അദ്ദേഹത്തിന്റെ എം.പി. ഫണ്ടിൽ നിന്നും നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഫണ്ടുകൾ ചെലവഴിച്ചതെന്ന് സ്കൂളിന്റെ പേരും പദ്ധതിയും നിർദേശിച്ച തുകയും പദ്ധതിയുടെ നിലവിലെ അവസ്ഥയും അടക്കം വിശദമാക്കാമോ;

(എ)

| ക്രമനം. | സ്കൂളിന്റെ പേര് | പദ്ധതി | തുക | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | ജി.എച്ച്.എസ്.എസ് മൂത്തേടത്ത് | സ്കൂൾ ബസ് | 18,00,000 | ഉപയോഗിച്ചുവരുന്നു. |
| 2 | ജി.യു.പി.എസ് കുറുമ്പലങ്ങോട് | സ്കൂൾ ബസ് | 23,00,000 | ബസ് വിതരണത്തിനായി ജില്ലയിലെത്തി |
| 3 | ജി.എൽ.പി.എസ് ചോളമുണ്ട | സ്കൂൾ ബസ് | 20,00,000 | ഉപയോഗിക്കുന്നു. |

(ബി) വയനാട് ലോക് സഭാ എം.പി., അദ്ദേഹത്തിന്റെ എം.പി. ഫണ്ടിൽ നിന്നും മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, ഏറനാട്, വണ്ടൂർ എന്നീ നിയോജക മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് ഫണ്ടുകൾ ചെലവഴിച്ചതെന്ന് സ്കൂളിന്റെ പേരും പദ്ധതിയും നിർദേശിച്ച തുകയും പദ്ധതിയുടെ നിലവിലെ

(ബി)

| ക്രമനം. | സ്കൂളിന്റെ പേര് | പദ്ധതി | തുക | നിയോജക മണ്ഡലം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1 | ജിവിഎച്ച്എസ്.എസ് വെള്ളാർമല | ഓഡിറ്റോറിയം | 25 ലക്ഷം | കൽപ്പറ്റ | പൂർത്തീകരിച്ചു |
| 2 | ജിഎൽ.പി.സ്കൂൾ പൂമല | ഹാൾ & ക്ലാസ്സ് റൂം | 30 ലക്ഷം | സുൽത്താൻ ബത്തേരി | |
| 3 | ജിഎച്ച്.എസ്.എസ്. പോരൂർ | സ്കൂൾ കെട്ടിടം | 30 ലക്ഷം | വണ്ടൂർ | |
| 4 | ജിഎൽപി.എസ് കരുവാരക്കുണ്ട് | സ്കൂൾ ബസ് | 20 ലക്ഷം | വണ്ടൂർ | ഉപയോഗിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | അവസ്ഥയും അടക്കം വിശദമാക്കാമോ; | | |
| (സി) | മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, ഏറനാട്, വണ്ടൂർ, നിലമ്പൂർ എന്നീ നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ 2019 മുതൽ നാളിതുവരെ നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളും ചെലവഴിച്ച തുകയും സ്കൂളുകളുടെ പേരും പദ്ധതിയും നിയോജക മണ്ഡലം തിരിച്ച് വിവരം ലഭ്യമാക്കാമോ? | (സി) | പൊതു വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത സ്കോളർഷിപ്പ് പദ്ധതികൾ (ന്യൂനപക്ഷ പ്രീ മെട്രിക് സ്കോളർഷിപ്പ്, ബീഗം ഹസ്രത്ത് മഹൽ നാഷണൽ സ്കോളർഷിപ്പ്, ഭിന്നശേഷി കുട്ടികൾക്കുള്ള പ്രീ മെട്രിക് സ്കോളർഷിപ്പ്, നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് എന്നിവ) പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതപ്പെട്ട എല്ലാ അപേക്ഷകളും നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ മുഖാന്തരം ഓൺലൈനായി വേരിഫിക്കേഷൻ നടത്തി കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയത്തിലേക്ക് സമർപ്പിക്കുന്ന നടപടിയാണ് സംസ്ഥാനത്ത് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നിർവഹിച്ച് വരുന്നത്. ഇപ്രകാരം നൽകുന്ന അപേക്ഷകളിൽ നിന്നും ഓരോ സംസ്ഥാനത്തേയും അർഹമായ എണ്ണം കുട്ടികൾക്ക് സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നത് കേന്ദ്ര സർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങളാണ്. മാനന്തവാടി, കൽപ്പറ്റ, സുൽത്താൻ ബത്തേരി, തിരുവമ്പാടി, ഏറനാട്, വണ്ടൂർ, നിലമ്പൂർ എന്നീ നിയോജക മണ്ഡലങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. എന്നാൽ ഇതിലേക്കുള്ള സ്കോളർഷിപ്പ് തുക, കേന്ദ്രസർക്കാരിലെ ബന്ധപ്പെട്ട മന്ത്രാലയങ്ങൾ ടി സ്കോളർഷിപ്പുകൾക്ക് അർഹരാകുന്ന കുട്ടികളുടെ ബാങ്ക് അക്കൗണ്ട് മുഖാന്തരം നേരിട്ട് അനുവദിക്കുന്നതിനാൽ തന്നെ ആയതിന്റെ നിലവിലെ ക്രോഡീകരിച്ച കണക്കുകൾ നിയോജകമണ്ഡലം അടിസ്ഥാനത്തിൽ വകുപ്പിന് ലഭ്യമല്ല.<br><br>സംസ്ഥാനത്ത് കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി സ്കൂളുകളിൽ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിലേക്ക് മേൽ പരാമർശിച്ചിട്ടുള്ള നിയോജക മണ്ഡലങ്ങളിലെ സ്കൂളുകൾക്ക് അനുവദിച്ച തുകയുടെ വിവരം ശേഖരിച്ച് താമസംവിനാ നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ